REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 15-08-2024 സമയം 12.30 PM

## പ്രധാന വാർത്തകൾ

- രാജ്യം ഇന്ന് 78-ാം സ്വാതന്ത്ര്യ ദിനം ആഘോഷിക്കുന്നു. രാജ്യത്തിന് വേണ്ടത് മതേതര സിവിൽകോഡാണെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി.
- നാടിന്റെ പൊതുവായ അതിജീവനത്തിന് ഊർജം പകരുന്നതാകണം ഇത്തവണത്തെ സ്വാതന്ത്ര്യ ദിനാഘോഷങ്ങളെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.
- മുല്ലപ്പെരിയാറിൽ പുതിയ ഡാം എന്നതാണ് സംസ്ഥാന ഗവൺമെന്റിന്റെ പ്രഖ്യാപിത ലക്ഷ്യമെന്ന് മന്ത്രി റോഷി അഗസ്റ്റിൻ.
- വയനാട് ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ ചാലിയാറിലെ മണൽത്തിട്ടകളിൽ പരിശോധന ശക്തമാക്കുമെന്ന് മന്ത്രി K. രാജൻ.
- സംസ്ഥാനത്ത് വൈകീട്ട് 7 മണി മുതൽ രാത്രി 11 വരെ വൈദ്യുതി നിയന്ത്രണം ഉണ്ടായേക്കുമെന്ന് KSEB.

## വാർത്തകൾ വിശദമായി

രാജ്യം ഇന്ന് 78-ാം സ്വാതന്ത്ര്യ ദിനം ആഘോഷിക്കുന്നു. ന്യൂഡൽഹിയിലെ ചുവപ്പു കോട്ടയിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി ദേശീയ പതാക ഉയർത്തി രാജ്യത്തെ അഭിസംബോധന ചെയ്തു.

രാജ്യത്തെ 140 കോടി ജനങ്ങൾ ഒറ്റക്കെട്ടായി മുന്നോട്ട് പോകാൻ ദൃഢനിശ്ചയമെടുത്താൽ എല്ലാ തടസ്സങ്ങളും മറികടന്ന് 2047-ഓടെ വികസിത ഭാരതമെന്ന സ്വപ്നം സാക്ഷാത്ക്കരിക്കാനാകുമെന്ന് അദ്ദേഹം പറഞ്ഞു. രാജ്യം ആദ്യം എന്ന ലക്ഷ്യത്തോടെ കേന്ദ്രം ഒട്ടേറെ നയങ്ങളും പരിഷ്ക്കരണങ്ങളും നടപ്പാക്കി വരികയാണെന്നും, രാജ്യത്തെ കോടാനുകോടി ജനങ്ങളിൽ നിന്ന് നിർദേശങ്ങൾ സ്വീകരിച്ചാണ് ഗവൺമെന്റ് വികസിത ഭാരതത്തിനായി കഠിനാദ്ധ്വാനം തുടരുന്നതെന്നും അദ്ദേഹം വ്യക്തമാക്കി.

1857-ലെ ആദ്യ സ്വാതന്ത്ര്യ പ്രക്ഷോഭത്തിന് മുമ്പ് തന്നെ ഗോത്ര സമൂഹങ്ങൾ സ്വാതന്ത്ര്യ പോരാട്ടം തുടങ്ങിയിരുന്നുവെന്ന് പ്രധാനമന്ത്രി അഭിപ്രായപ്പെട്ടു. ഇതിന് ചരിത്രമാണ് സാക്ഷിയെന്ന് അദ്ദേഹം പറഞ്ഞു.

വിശദാംശങ്ങളിലേക്ക്

............വോയ്സ്............

വോക്കൽ ഫോർ ലോക്കൽ എന്ന മന്ത്രം രാജ്യത്തിന് പുതിയ ഉണർവ്വ് നൽകിയതായി പ്രധാനമന്ത്രി വിലയിരുത്തി. ഓരോ ജില്ലയും സ്വന്തം ഉൽപ്പന്നങ്ങൾ തയ്യാറാക്കാനും അതിൽ അഭിമാനിക്കാനും മുന്നോട്ട് വന്നതായി അദ്ദേഹം പറഞ്ഞു. രാജ്യത്ത് പലയിടത്തും പ്രകൃതി ക്ഷോഭങ്ങൾ വർദ്ധിക്കുന്നതിൽ പ്രധാനമന്ത്രി സ്വാതന്ത്ര്യ ദിന പ്രസംഗത്തിൽ ആശങ്ക പ്രകടിപ്പിച്ചു. ദുരന്തത്തിൽപെട്ടവർക്കൊപ്പം രാജ്യം ഒറ്റക്കെട്ടായി അണിചേർന്ന്, വെല്ലുവിളിയുടെ കാലഘട്ടത്തെ അതിജീവിക്കുമെന്ന് അദ്ദേഹം പറഞ്ഞു.

ഗവൺമെൻ്റിന്റെ പരിഷ്ക്കരണങ്ങൾ പേരെടുക്കാനോ സമ്മർദ്ദങ്ങൾക്ക് വഴങ്ങിയോ അല്ലെന്നും രാജ്യത്തെ ശക്തിപ്പെടുത്തുകയാണ് പരിഷ്ക്കരണ നയങ്ങളുടെ ലക്ഷ്യമെന്നും നരേന്ദ്രമോദി വ്യക്തമാക്കി. ഭീകരവാദത്തിന്റെ ഇരയായി മാറിയ, ഒരു കാലഘട്ടം ഇന്ത്യയ്ക്ക് ഉണ്ടായിരുന്നു. എന്നാൽ ഇപ്പോൾ ശക്തിയും ചങ്കുറപ്പുമായി ഭീകരതയെ അതിജീവിയ്ക്കാൻ രാജ്യം ശേഷി നേടിക്കഴിഞ്ഞു.

കഴിഞ്ഞ പത്ത് വർഷങ്ങളിൽ പത്ത് കോടിയിലേറെ സ്ത്രീകൾ വനിതാ സ്വയം സഹായ ഗ്രൂപ്പുകളിൽ അംഗങ്ങളായതിലൂടെ സാമ്പത്തിക സ്വാതന്ത്ര്യം നേടിയെന്ന് പ്രധാനമന്ത്രി അറിയിച്ചു. ഇതോടെ കുടുംബങ്ങളിലെ തീരുമാന രൂപീകരണത്തിൽ കൂടുതൽ പങ്ക് വഹിക്കാനും അതു വഴി സാമൂഹ്യ മാറ്റത്തിനും വഴിയൊരുങ്ങിയതായും നരേന്ദ്രമോദി പറഞ്ഞു.

അതേസമയം, സ്ത്രീകൾക്കെതിരെയായ അതിക്രമങ്ങൾ വർദ്ധിക്കുന്നതിൽ പ്രധാനമന്ത്രി ആശങ്ക പ്രകടിപ്പിച്ചു. അതിക്രമ വാർത്തകൾക്ക് മാധ്യമങ്ങൾ നൽകുന്ന പ്രാധാന്യം ശിക്ഷാ വിധികൾക്ക് നൽകുന്നില്ലെന്ന് പ്രധാനമന്ത്രി അഭിപ്രായപ്പെട്ടു.

✪✪✪

രാജ്യത്തിന് വേണ്ടത് മതേതര സിവിൽകോഡാണെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി അഭിപ്രായപ്പെട്ടു. സുപ്രീം കോടതി ഏകീകൃത സിവിൽ കോഡ് രൂപീകരണത്തിന് നിർദേശം നൽകിയിട്ടുണ്ട്. ഇപ്പോഴത്തെ സിവിൽ നിയമം

മതാധിഷ്ഠിതമാണെന്നും അതിനെ മതേതരത്വത്തിലേക്ക് പരിവർത്തനപ്പെടുത്തണമെന്നും അദ്ദേഹം പറഞ്ഞു. ഏകീകൃത സിവിൽകോഡിനെപ്പറ്റി ബന്ധപ്പെട്ട കക്ഷികൾ ചർച്ചയ്ക്ക് തയ്യാറാകണം. മതത്തിന്റെ അടിസ്ഥാനത്തിൽ രാജ്യത്തെ വിഭജിക്കുന്ന നിയമങ്ങളാണ് സമൂഹത്തിലെ ഉച്ച നീചത്വങ്ങൾക്ക് കാരണമാകുന്നത്. ഇത്തരമൊരു കാഴ്ചപ്പാടിന് പുതിയ സമൂഹത്തിൽ സ്ഥാനമില്ലെന്ന് പ്രധാനമന്ത്രി വ്യക്തമാക്കി.

ഒരു രാജ്യം ഒരു തെരഞ്ഞെടുപ്പ് എന്ന നിർദ്ദേശത്തോട് അനുകൂലമായി പ്രവർത്തിക്കാൻ രാഷ്ട്രീയ പാർട്ടികൾ മുന്നോട്ട് വരണമെന്ന് അദ്ദേഹം നിർദ്ദേശിച്ചു. വികസിത ഇന്ത്യയെന്ന സ്വപ്നത്തിന് ഇത് വേഗം പകരുമെന്ന് പ്രധാനമന്ത്രി വിലയിരുത്തി.

അടുത്ത അഞ്ച് വർഷം കൊണ്ട് 75,000 മെഡിക്കൽ സീറ്റുകൾ അധികമായി ലഭ്യമാക്കുമെന്നും പ്രധാനമന്ത്രി പറഞ്ഞു. ലക്ഷങ്ങളും കോടികളും മുടക്കി പല വിദ്യാർത്ഥികളും വിദേശങ്ങളിൽ മെഡിക്കൽ കോഴ്സുകൾ പൂർത്തിയാക്കുന്ന സാഹചര്യത്തിലാണ് നടപടിയെന്ന് പ്രധാനമന്ത്രി അറിയിച്ചു.

കുറ്റവാളികൾക്ക് ശിക്ഷ നൽകുന്നതിലുപരി പൗരന്മാർക്ക് നീതി ലഭ്യമാക്കുകയെന്ന ലക്ഷ്യത്തോടെയാണ് ക്രിമിനൽ നിയമങ്ങൾ പരിഷ്ക്കരിച്ചതെന്ന് പ്രധാനമന്ത്രി വ്യക്തമാക്കി. കാലഹരണപ്പെട്ട 1,500 ലേറെ നിയമങ്ങൾ ഗവൺമെന്റ് പിൻവലിച്ചിട്ടുണ്ടെന്നും നരേന്ദ്രമോദി പറഞ്ഞു.

പ്രധാനമന്ത്രിയുടെ പ്രസംഗത്തിന്റെ മലയാള പരിഭാഷ രാത്രി 9:30 ന് കേരള നിലയങ്ങൾ പ്രക്ഷേപണം ചെയ്യും.

✪✪✪

നാടിന്റെ പൊതുവായ അതിജീവനത്തിന് കൂട്ടായ പ്രവർത്തനങ്ങൾക്ക് ഊർജം പകരുന്നതാകണം ഇത്തവണത്തെ സ്വാതന്ത്ര്യ ദിനാഘോഷങ്ങളെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. വയനാട് ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ അതീവ ദുഃഖത്തിന്റേതായ അന്തരീക്ഷത്തിലാണ് ഇത്തവണ സ്വാതന്ത്ര്യ ദിനം ആഘോഷിക്കുന്നത്. എന്നാൽ ദുഃഖിച്ചിരുന്നത് കൊണ്ട് മതിയാവില്ലെന്നും ഈ സാഹചര്യം അതിജീവിയ്ക്കേണ്ട ഘട്ടമാണ് ഇതെന്നും മുഖ്യമന്ത്രി പറഞ്ഞു.

രാവിലെ തിരുവനന്തപുരം സെൻട്രൽ സ്റ്റേഡിയത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ പതാക ഉയർത്തി പരേഡിന്റെ അഭിവാദ്യം സ്വീകരിച്ചു. തുടർന്ന് മുഖ്യമന്ത്രി വിശിഷ്ട സേവനത്തിനുള്ള രാഷ്ട്രപതിയുടെ പോലീസ് മെഡലുകളും മറ്റ് ബഹുമതികളും വിതരണം ചെയ്തു. പരേഡിനുശേഷം വിവിധ സ്കൂളുകളിലെ കുട്ടികൾ ദേശഭക്തിഗാനങ്ങൾ അവതരിപ്പിച്ചു.

ജില്ലാ ആസ്ഥാനങ്ങളിൽ ജില്ലയുടെ ചുമതലക്കാരായ മന്ത്രിമാർ പതാക ഉയർത്തി അഭിവാദ്യം സ്വീകരിച്ചു. കാസർകോട്ട് - കെ. കൃഷ്ണൻകുട്ടിയും കണ്ണൂരിൽ രാമചന്ദ്രൻ കടന്നപ്പള്ളിയും കോഴിക്കോട്ട് A.K ശശീന്ദ്രനും മലപ്പുറത്ത് K. രാജനും പാലക്കാട്ട് M.B രാജേഷും പതാക ഉയർത്തി പരേഡിന്റെ അഭിവാദ്യം സ്വീകരിച്ചു.

വയനാട് കൽപ്പറ്റ SKMJ ഹയർസെക്കന്ററി സ്കൂളിൽ മന്ത്രി O.R കേളു പതാക ഉയർത്തി. മുണ്ടക്കൈ, ചൂരൽമല ഉരുൾപൊട്ടലിന്റെ പശ്ചാത്തലത്തിൽ പരേഡും ആഘോഷ പരിപാടികളും പൂർണമായും ഒഴിവാക്കിയിരുന്നു.

✪✪✪

നിയമസഭാങ്കണത്തിൽ സ്പീക്കർ A.N ഷംസീർ ദേശീയ പതാക ഉയർത്തി. മഹാത്മാഗാന്ധി, പണ്ഡിറ്റ് ജവഹർലാൽ നെഹ്റു, ഡോ. B.R. അംബേദ്ക്കർ, K.R നാരായണൻ എന്നീ ദേശീയ നേതാക്കളുടെ പ്രതിമകളിൽ ഹാരാർപ്പണവും പുഷ്പാർച്ചനയും നടത്തി. വാച്ച് ആന്റ് വാർഡ് സേനയുടെ ഗാർഡ് ഓഫ് ഓണർ സ്പീക്കർ സ്വീകരിച്ചു.

✪✪✪

മുല്ലപ്പെരിയാറിൽ പുതിയ ഡാം എന്നതാണ് സംസ്ഥാന ഗവൺമെന്റിന്റെ പ്രഖ്യാപിത ലക്ഷ്യമെന്ന് മന്ത്രി റോഷി അഗസ്റ്റിൻ പറഞ്ഞു. സംസ്ഥാന നിയമസഭ ഐകകണ്ഠ്യേന പാസാക്കിയ വിഷയമാണിതെന്നും, സുപ്രീം കോടതിയിൽ നിലനിൽക്കുന്ന കേസായതിനാൽ ഗവൺമെന്റിന് പരിമിതിയുണ്ടെങ്കിലും തീരുമാനത്തിൽ നിന്ന് ഒരിഞ്ചുപോലും പിന്നോട്ടില്ലെന്നും മന്ത്രി വ്യക്തമാക്കി. സ്വാതന്ത്ര്യദിന ചടങ്ങിൽ പതാക ഉയർത്തിയ ശേഷം സംസാരിക്കുകയായിരുന്നു മന്ത്രി.

✪✪✪

78-ാമത് സ്വാതന്ത്ര ദിനാഘോഷ പരിപാടികൾ ലക്ഷദ്വീപിലെ എല്ലാ ദ്വീപുകളിലും ആഘോഷിച്ചു. ലക്ഷദ്വീപ് അഡ്മിനിസ്ട്രേഷന്റെ ആഭിമുഖ്യത്തിൽ തലസ്ഥാന ദ്വീപായ

കവരത്തി സ്ക്കൂൾ സ്റ്റേഡിയത്തിൽ അഡ്മിനിസ്ട്രേറ്ററുടെ ഉപദേഷ്ടാവ് Sandeep Kumar ദേശീയ പതാക ഉയർത്തി.

✪✪✪

പ്രതിപക്ഷ നേതാവ് V.D. സതീശൻ ജനങ്ങൾക്ക് സ്വാതന്ത്ര്യ ദിനാശംസകൾ നേർന്നു. രാജ്യത്തിന്റെ വർണാഭമായ ചരിത്രവും ദേശീയ പ്രസ്ഥാനത്തിന്റെ ആവേശകരമായ ഓർമ്മകളുമാണ് സ്വാതന്ത്ര്യ ദിനത്തിൽ മനസിൽ നിറയുന്നതെന്നും, രാജ്യത്തിന് വേണ്ടി ജീവൻ ബലിയർപ്പിച്ച ധീര- ദേശാഭിമാനികളെ ഓർമ്മിക്കുന്നതായും സതീശൻ ആശംസാ സന്ദേശത്തിൽ പറഞ്ഞു.

✪✪✪

ഈ മാസം 26 നു നടത്താനിരിക്കുന്ന UGC നെറ്റ് പരീക്ഷ 27-ലേക്ക് പുനഃക്രമീകരിച്ചതായി നാഷണൽ ടെസ്റ്റിംഗ് ഏജൻസി അറിയിച്ചു. ശ്രീകൃഷ്ണ ജന്മാഷ്ടമി പ്രമാണിച്ചാണ് പരീക്ഷാ തീയതി പരിഷ്കരിച്ചതെന്നും, മറ്റ് ദിവസങ്ങളിൽ പരീക്ഷകൾ മാറ്റമില്ലാതെ തുടരുമെന്നും NTA അറിയിച്ചു.

✪✪✪

വയനാട് ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ ചാലിയാറിലെ മണൽത്തിട്ടകളിൽ പരിശോധന ശക്തമാക്കുമെന്ന് മന്ത്രി K. രാജൻ അറിയിച്ചു. നദിയുടെ ചില ഭാഗങ്ങൾ വനംവകുപ്പിന്റെ കീഴിലാണെന്നും, അവരുടെ സഹകരണത്തോടെയാണ് പരിശോധന നടക്കുന്നതെന്നും മന്ത്രി പറഞ്ഞു. ചാലിയാറിൽ മണ്ണ് വന്ന് മൂടിയ സ്ഥലങ്ങളിൽ കൂടുതൽ പരിശോധന നടത്തും. കൃത്യമായ

ഏകോപനത്തോടെ ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ കുറ്റമറ്റ പ്രവർത്തനങ്ങളാണ് നടക്കുന്നതെന്ന് മലപ്പുറത്ത് ചേർന്ന അവലോകന യോഗത്തിൽ മന്ത്രി പറഞ്ഞു.

തെരച്ചിലിന് എത്തുന്ന സന്നദ്ധ പ്രവർത്തകർ അധികൃതരിൽ നിന്ന് മുൻകൂട്ടി അനുമതി വാങ്ങിയ ശേഷമേ ദുരന്തമേഖലയിലേക്ക് പോകാവൂവെന്ന് അദ്ദേഹം നിർദ്ദേശിച്ചു. അല്ലാത്ത പക്ഷം അവരെ തടയേണ്ടിവരും. ദുരന്തത്തിന് ശേഷം മറ്റൊരു ദുരന്തത്തിന് കൂടി വഴി തുറക്കരുതെന്ന ചിന്താഗതിയാണ് ഇതിന് പിന്നിലെന്ന് മന്ത്രി മാധ്യമങ്ങളോട് പറഞ്ഞു.

✪✪✪

വയനാട്ടിൽ ഉരുൾപൊട്ടൽ ദുരന്തമുണ്ടായ പ്രദേശത്ത് നടത്തിയ തിരച്ചിലിൽ നാല് ലക്ഷം രൂപയുടെ കറൻസികൾ ഫയർഫോഴ്സ് സംഘം കണ്ടെടുത്തു. വെള്ളാർമല സ്കൂളിന് സമീപത്ത് നിന്നാണ് പണം ലഭിച്ചത്. പ്ലാസ്റ്റിക് കവറിൽ പൊതിഞ്ഞ നിലയിൽ അഞ്ഞൂറിന്റെ ഏഴ് കെട്ടും, നൂറിന്റെ അഞ്ച് കെട്ടുമാണ് കിട്ടിയത്. തുക ഫയർഫോഴ്സ് അധികൃതർ പോലീസ് കൺട്രോൾ റൂമിലേക്ക് കൈമാറി.

✪✪✪

വയനാട് തുരങ്കപാത സംബന്ധിച്ച് രണ്ട് തവണ ചിന്തിക്കണമെന്ന് CPI സംസ്ഥാന സെക്രട്ടറി ബിനോയ് വിശ്വം അഭിപ്രായപ്പെട്ടു. പരിസ്ഥിതി ലോല പ്രദേശമായ പശ്ചിമ ഘട്ടത്തിലെ ഏത് നിർമ്മാണ പ്രവർത്തിയെക്കുറിച്ചും ശാസ്ത്രീയമായ വിലയിരുത്തലിന് ശേഷമേ അനുമതി

നൽകാവൂവെന്നും ബിനോയ് വിശ്വം തിരുവനന്തപുരത്ത് പറഞ്ഞു.

✪✪✪

സംസ്ഥാന ഗവണ്മെന്റിന്റെ മൂന്നാം വാർഷികത്തിന്റെ ഭാഗമായി, നാലാം നൂറു ദിന പരിപാടിയിലെ തദ്ദേശ അദാലത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം നാളെ രാവിലെ എറണാകുളം ടൗൺഹാളിൽ മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കും. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ അപേക്ഷ നൽകിയതും സമയപരിധിക്കകം സേവനം ലഭിക്കാത്തതുമായ പരാതികളും പുതിയ പരാതികളും അദാലത്തിൽ ഉന്നയിക്കാമെന്ന് അധികൃതർ അറിയിച്ചു.

✪✪✪

ഈ വർഷത്തെ സംസ്ഥാനതല കർഷക ദിനാഘോഷവും കർഷക അവാർഡ് വിതരണവും മറ്റന്നാൾ മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. കൃഷിവകുപ്പിന്റെ കാർഷിക സേവനങ്ങൾക്ക് ഏകജാലക സംവിധാനമായ കതിർ ആപ്പിന്റെ ലോഞ്ചും ചിങ്ങം ഒന്നായ മറ്റന്നാൾ ഉണ്ടാകുമെന്ന് മന്ത്രി P. പ്രസാദ് അറിയിച്ചു.

✪✪✪

സംസ്ഥാനത്ത് വൈകീട്ട് 7 മണി മുതൽ രാത്രി 11 വരെ വൈദ്യുതി നിയന്ത്രണം ആവശ്യമായി വന്നേക്കാമെന്ന് KSEB അറിയിച്ചു. ഈ സമയത്ത് വൈദ്യുതി ഉപഭോഗം പരമാവധി കുറച്ച് സഹകരിക്കണമെന്ന് KSEB അഭ്യർത്ഥിച്ചു.

രാത്രി 11 വരെ വൈദ്യുതി ലഭ്യതയിൽ 500 മെഗാവാട്ട് മുതൽ 650 മെഗാവാട്ട് വരെ കുറവ് പ്രതീക്ഷിക്കുന്ന സാഹചര്യത്തിലാണ് നിർദേശം.

✪✪✪

സംസ്ഥാനത്ത് ഞായറാഴ്ചവരെ കനത്ത മഴയ്ക്ക് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് മുന്നറിയിപ്പ് നൽകി.

അതിശക്തമായ മഴ സാധ്യത കണക്കിലെടുത്ത് കോഴിക്കോട്, വയനാട് ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രത നൽകി. കാസർഗോഡ്, കോട്ടയം, പത്തനംതിട്ട ഒഴികെ ജില്ലകളിലും, ലക്ഷദ്വീപിലും മഞ്ഞ ജാഗ്രതയാണ്.

മണിക്കൂറിൽ 55 കിലോമീറ്റർ വരെ വേഗത്തിൽ ശക്തമായ കാറ്റിന് സാധ്യതയുണ്ടെന്നും കേരള - കർണാടക -ലക്ഷദ്വീപ് തീരങ്ങളിൽ മീൻപിടുത്തക്കാർ കടലിൽ പോകരുതെന്നും മുന്നറിയിപ്പുണ്ട്.

✪✪✪